● കവിത ●

പി.കെ ഗോപി

# ഇടിമുഴക്കങ്ങൾ

**അവസാനം.......**
മുഖത്തെ ജാലകളിൽ
ലോകത്തിന്റെ ഹൃദയം
എരിഞ്ഞുകൊണ്ടിരുന്നു.
അതിനാൽ
വിറച്ചത് രക്തസാക്ഷിയല്ല,
ആരാച്ചാരാണ്.
കഴുത്തിൽ കുരുക്കു മുറുക്കിയവർ
വിഡ്ഢികളായി.
മരിച്ചത് കഴുമരമാണ്.
ആകാശങ്ങളിൽനിന്ന്
ആത്മാവ്
സ്വാതന്ത്ര്യത്തിന്റെ കൊടുങ്കാറ്റുപോലെ
നിശ്വസിച്ചുതുടങ്ങുമ്പോൾ,
നിരപരാധികളുടെ
ചോരകുടിച്ച ചെങ്കോൽ
സ്വയം നെടുകെപ്പിളരും.
ചുട്ടുപഴുത്ത മണ്ണ്
പാദങ്ങളെല്ലാം
പൊള്ളിക്കും.
കൊന്നൊടുക്കപ്പെട്ട കുഞ്ഞുങ്ങൾ
ഒന്നിച്ചു നിലവിളിക്കുമ്പോൾ
കാതുകളടയ്ക്കാതെ
അവർക്ക് നടക്കാനാവില്ല.
കുഴിച്ചിട്ട കനലുകൾ
ഒന്നിച്ചെരിയുമ്പോൾ
കണ്ണുകളടച്ചുപൂട്ടാതെ
അവർക്കിരിക്കാനാവില്ല.
കരിമ്പടം മൂടിയ ശിരസ്സുമായി
തടവറയിൽനിന്ന്
കുരുതിക്കളത്തിലേക്ക്
ആനയിക്കപ്പെടുന്നവർ
ഇനി ആരൊക്കെ?
നോക്കൂ;
തീരെ ചെറിയ ഈ ഭൂമിയിലെ
അഹങ്കാരങ്ങളുടെ
ഘോരമാരിയിൽ
മുളപൊട്ടിയതെല്ലാം
മുങ്ങിത്താഴുമ്പോൾ,
പ്രപഞ്ചത്തിന്റെ വിദൂര വീണകളിൽ
ശ്രുതി തെറ്റിയ ഇടിമുഴക്കങ്ങൾ
വീണ്ടും...... വീണ്ടും...........